## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.313 — 25.04.2017 ൽ മറുപടിയ്ക്ക്

### സ്വകാര്യ ഹോസ്റ്റലുകളുടെ പ്രവർത്തനം

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കുട്ടികൾ, സ്ത്രീകൾ, വൃദ്ധജനങ്ങൾ എന്നിവരെ പാർപ്പിക്കുവാൻ വേണ്ടി സ്വകാര്യ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (എ) സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, എന്നിവയ്ക്കായി ജസ്റ്റിസ് (റിട്ട) രാമചന്ദ്രൻ നായർ സി.എൻ അദ്ധ്യക്ഷനായി രണ്ടംഗങ്ങളുള്ള ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി സ്വകാര്യ വൃദ്ധസദനങ്ങൾ സന്ദർശനം നടത്തിവരികയാണ്. വൃദ്ധസദനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്ന് മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ് 2009 റൂൾ 18(2) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം 10.08.2016 ലെ സ.ഉ.(പി).നം. 10/2016/സാനീവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപടികൾക്കായി ഓർഫനേജ് കൺട്രോൾ ബോർഡിന് നൽകിയിട്ടുണ്ട്. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വനിതാഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ഹോസ്റ്റലുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നില്ല. എന്നാൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി പ്രകാരമുള്ള ഹോസ്റ്റലുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ വനിതാ ക്ഷേമസമിതി കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ താമസിക്കുന്ന ഏതു സ്ഥാപനവും അത് സ്വകാര്യ ഹോസ്റ്റൽ |

| | | |
|---|---|---|
| | | ആയാലും ജുവനൈൽ ജസ്റ്റിസ് നിയമം 2015 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടേണ്ടതുണ്ട്. ചില സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ ഹൈക്കോടതി ജൂലൈ വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | സ്വകാര്യ ഹോസ്റ്റലുകളിൽ അന്തേവാസികൾ പലതരത്തിലുള്ള പീഢനങ്ങൾ അനുഭവിക്കുന്ന കാര്യം പരിശോധിക്കുമോ ; | (ബി) ലഭിക്കുന്ന പരാതിയിന്മേൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | സ്വകാര്യ ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (സി) സ്വകാര്യ ഹോസ്റ്റലുകളുടെ ദൈനംദിന പ്രവർത്തനം വകുപ്പ് മോണിറ്റർ ചെയ്യുന്നില്ല. |
| (ഡി) | ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി) ജില്ലാ വനിതാ ക്ഷേമസമിതി കമ്മിറ്റിയുടെ മേൽനോട്ടം സ്വകാര്യ വനിതാ ഹോസ്റ്റലുകൾക്ക് ബാധകമാക്കി ഇതിനായി സർക്കാർതലത്തിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഇ) | നിയമം ലംഘിക്കുന്ന ഹോസ്റ്റലുകളെ നിയന്ത്രിക്കുമോ ; അമിതമായി അന്തേവാസികളെ താമസിപ്പിക്കുന്ന ഹോസ്റ്റലുകൾ നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ